"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ.സി3/16182/2012(1)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി:30.07.2018.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ/
മാനേജ്മെന്റുകൾക്കും (വകുപ്പുവെബ്സൈറ്റ് മുഖേന)

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്രൈവറ്റ് ഐ.ടി.ഐ ജീവനക്കാർക്ക്-ഗവ. ഐ.ടി.ഐ ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ $^{2}/_{3}$ ഭാഗമെങ്കിലും നൽകുന്നതുമായി ബന്ധപ്പെട്ട അഫിഡവിറ്റ് സമർപ്പിക്കുന്ന തീയതി ദീർഘിപ്പിച്ചു നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ ഇതേ നമ്പരായ 24.07.2018-ലെ ചുറ്ററിയിപ്പ്.
2. പ്രൈവറ്റ് ഐ.ടി.ഐ മാനേജ്മെന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 27.07.2018-ലെ ഇ-മെയിൽ സന്ദേശം.

* * * * * *

ബഹു. ഹൈക്കോടതിയുടെ 08.01.2018-ലെ WP(C) No.32515 of 2007 നമ്പർ കേസിലെ വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, പ്രൈവറ്റ് ഐ.ടി.ഐ.കളിലെ ജീവനക്കാർക്ക് ഗവ. ഐ.ടി.ഐ.യിലെ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ $^{2}/_{3}$ ഭാഗമെങ്കിലും നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അഫിഡവിറ്റ് തയ്യാറാക്കി 31.07.2018-നകം ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ സൂചന (1) പ്രകാരം എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിരുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). എന്നാൽ ഐ.ടി.ഐ.കളിൽ ജൂലൈ 2018 അഖിലേന്ത്യാ പരീക്ഷ, അഡ്മിഷൻ നടപടികൾ എന്നിവ പുരോഗമിക്കുന്നതിനാൽ ടി അഫിഡവിറ്റ് സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് നൽകണമെന്ന് സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി അഫിഡവിറ്റ് സമർപ്പിക്കേണ്ട തീയതി 16.08.2018 വരെ ദീർഘിപ്പിച്ചിരിക്കുന്നു. കൂടാതെ പ്രത്യേക ദൂതൻ മുഖേന ഡയറക്ടറേറ്റിൽ എത്തിക്കുന്നതിനു പകരം ജില്ലാ നോഡൽ ഐ.ടി.ഐ.കളിൽ മേൽ പരാമർശിച്ച നിശ്ചിത തീയതിക്കകം സമർപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങിയാൽ മതിയാകും എന്നും അറിയിക്കുന്നു. ഓരോ ജില്ലയിലും അഫിഡവിറ്റുകൾ സമർപ്പിക്കേണ്ട ഗവ. ഐ.ടി.ഐ.കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ ചാക്ക |
| കൊല്ലം ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ ചന്ദനത്തോപ്പ് |
| പത്തനംതിട്ട ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ ചെന്നീർക്കര |
| ആലപ്പുഴ ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ ചെങ്ങന്നൂർ |
| കോട്ടയം ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ ഏറ്റുമാന്നൂർ |
| ഇടുക്കി ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ കട്ടപ്പന |
| എറണാകുളം ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ കളമശ്ശേരി |
| തൃശ്ശൂർ ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ ചാലക്കുടി |
| പാലക്കാട് ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ മലമ്പുഴ |
| മലപ്പുറം ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ അരീക്കോട് |
| കോഴിക്കോട് ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ കോഴിക്കോട് |
| വയനാട് ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ കൽപ്പറ്റ |
| കണ്ണൂർ ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ കണ്ണൂർ |
| കാസർഗോഡ് ജില്ലയിലെ പ്രൈവറ്റ് ഐ.ടി.ഐ.കൾ | : | ഗവ. ഐ.ടി.ഐ കാസർഗോഡ് |

വിശ്വസ്തതയോടെ,

**ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി**

ഉള്ളടക്കം: സൂചന (1) ലെ ചുറ്ററിയിപ്പിന്റെയും അഫിഡവിറ്റിന്റെ മാതൃകയുടെയും പകർപ്പുകൾ.

<u>പകർപ്പ്:-</u>

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

*ആർ.ഇ.28.7.18*

**Format for submitting Affidavit regarding payment of minimum of 2/3rd salary being paid to Govt. Employees to the Staff of Private ITIs**

## AFFIDAVIT

I .................. Son/Daughter of ................... Aged ....... residing ............................................................ at .................................... do hereby solemnly affirm and declare as under:-

1. That I am the Manager of ..................................... ................................... (Name and address of Institute) having following NCVT trades/units ...........................................
   ................................................................................
   ................................................................................
   ................................................................................
   ................................................................................
   ................................................................................

2. I hereby affirm that a minimum of 2/3rd Salary admissible to the faculty/staff of Government ITIs is being paid to all staff of the
   ................................................................................
   ................................................................................
   (Name & Address of the Institute)

3. This affidavit is sworned to be produced before the Director of Training, Directorate of Training, Thozhil Bhavan, Vikas Bhavan.P.O, Thiruvananthapuram as per the judgment dated: 08.01.2018 in W.P (C) No. 32515 of 2007-U

4. I hereby state that whatever is stated herein above and true to the best of my knowledge and if the above statements are found not correct, I shall be liable to all legal and administrative consequences.
   Dated this ....................day of .....................................2018

Deponent

Solemnly affirmed and signed before me by the deponent, who is introduced by Adv.................................................................

Notary

"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:സി3/16182/12

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
തിരുവനന്തപുരം
തീയതി :24.07.2018

### <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - പ്രൈവറ്റ് ഐ.ടി.ഐ ജീവനക്കാർക്ക് - ഗവ. ഐ.ടി.ഐ ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ 2/3 ഭാഗമെങ്കിലും നൽകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. Lr.No. DGET-19(19)95-CD dated: 16.08.96 of JDT, DGET.
2. Judgement of Hon'ble High Court dated: 08.01.18 in WP (C) No. 32515 of 2007-U filed by All Kerala ITC Staff Welfare Association.
3. Letter No. C2/37/2018/LBR dated 05.05.18 of the Additional Chief Secretary to Govt.
4. ഈ ഓഫീസിലെ ഇതേ നമ്പരായ 10.05.18, 25.06.18 തീയതിയിലെ ചുറ്ററിയിപ്പുകൾ.

-------------

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം (2) പ്രകാരമുള്ള ജഡ്ജ്മെന്റ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൈവറ്റ് ഐ.ടി.ഐകളിലെ ജീവനക്കാർക്ക് ഗവ.ഐ.ടി.ഐയിലെ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 2/3 ഭാഗമെങ്കിലും നിർബന്ധമായും നൽകുന്ന നടപടി മൂന്നു മാസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് മേൽ പരാമർശ പ്രകാരം എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ/മാനേജ്മെന്റുകൾക്കും അറിയിപ്പ് നൽകിയിരുന്നു. എന്നാൽ തൃപ്തികരമായ മറുപടി പ്രൈവറ്റ് ഐ.ടി.ഐ മാനേജ്മെന്റുകളിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല.

ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പൂർണ്ണമായും നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ആയതിനാൽ 200/-രൂപ വിലയുള്ള മുദ്രപത്രത്തിൽ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകയിൽ ഒരു സത്യവാങ്മൂലം തയ്യാറാക്കി നോട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി 31.07.2018 തീയതിയ്ക്കകം ഈ കാര്യാലയത്തിൽ <u>പ്രത്യേക ദൂതൻ മുഖേന ലഭ്യമാക്കേണ്ടതാണ്</u>. <u>(തപാൽ മാർഗ്ഗം അയയ്ക്കരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു).</u>

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് അഡ്വക്കേറ്റ് ജനറലിന് അടിയന്തിരമായി സമർപ്പിക്കേണ്ടതുണ്ട് എന്നതിനാൽ മേൽ പരാമർശിച്ചിട്ടുള്ള സമയപരിധി കൃത്യമായും പാലിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ടി റിപ്പോർട്ടും സത്യവാങ്മൂലവും സമർപ്പിക്കാത്ത പ്രൈവറ്റ് ഐ.ടി.ഐകളിലെ അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകളുടെ NCVT അംഗീകാരം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ ഡി.ജി.റ്റി യിൽ സമർപ്പിക്കുന്നതാണെന്നും ഇതിന്മേൽ ഇനി ഒരു അറിയിപ്പ് നൽകുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്:- എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വെബ്സൈറ്റ് മുഖേന)

പകർപ്പ്:- എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(അവരവരുടെ അധികാര പരിധിയിൻ കീഴിൽ വരുന്ന
പ്രൈവറ്റ് ഐ.ടി.ഐ മേധാവികൾക്ക് അയച്ചുകൊടുത്ത്
കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്.)

ആർ.വി 23.07.18